


● കൊല്ലം കിൻഡർ ഹോസ്പിറ്റൽസിന്റെ ഉദ്ഘാടനം എൻ.കെ. പ്രേമചന്ദ്രൻ എം.പി. നിർവഹിക്കുന്നു.

# കിൻഡർ ഹോസ്പിറ്റൽസ് പ്രവർത്തനം ആരംഭിച്ചു

കൊല്ലം: അന്താരാഷ്ട്ര വനിതാ ദിനത്തിൽ കേരളത്തിലെ പ്രമുഖ ആരോഗ്യ സേവന ശൃംഖലയായ കിൻഡർ ഹോസ്പിറ്റൽസിന്റെ പുതിയ അമ്മമാർക്കും കുട്ടികൾക്കുമായുള്ള ആശുപത്രി കൊല്ലത്ത് പ്രവർത്തനമാരംഭിച്ചു.

എൻ.കെ. പ്രേമചന്ദ്രൻ എം.പി. ഉദ്ഘാടനം നിർവഹിച്ചു. കിൻഡർ ഹോസ്പിറ്റൽസിന്റെ സി.എസ്.ആർ. പദ്ധതിയയ മാ ജീവന ചികിത്സാ സഹായം കിൻഡർ ഗ്രൂപ്പ് ചെയർമാൻ ഡോ.വി.കെ. പ്രദീപ്കുമാർ, മേയർ എ.കെ. ഹഫീസിന് കൈമാറി. എം. നൗഷാദ് എം.എൽ.എ. മുഖ്യാതിഥിയായി. ആദ്യഘട്ടത്തിൽ 75 കിടക്കകളുമായി പ്രവർത്തനം തുടങ്ങിയ ആശുപത്രി, കൊല്ലത്തെയും സമീപപ്രദേശങ്ങളിലെയും കുടുംബങ്ങൾക്ക് വിശ്വസനീയമായ ചികിത്സാ കേന്ദ്രമായി മാറുമെന്ന് കിൻഡർ ഗ്രൂപ്പ് ചെയർമാൻ ഡോ.വി.കെ. പ്രദീപ്കുമാർ പറഞ്ഞു.

സി.ഇ.ഒ. രഞ്ജിത്ത് കൃഷ്ണൻ, കൊല്ലം യൂണിറ്റ് ഹെഡ് അബീഷ് ആദിത്യൻ എന്നിവർ പ്രസംഗിച്ചു.

## കെ.എം.എം.എൽ സുരക്ഷിതത്വ സമ്മേളനം നടന്നു

ചവറ: കെ.എം.എം.എല്ലിൽ 55–ാമത് സുരക്ഷിതത്വ മാസത്തോട് അനുബന്ധിച്ച് സുരക്ഷിതത്വ സമ്മേളനം നടന്നു.

സമാപന സമ്മേളനം ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ് ജോയിന്റ് ഡയറക്ടർ അനിൽ കുര്യാക്കോസ് ഉദ്ഘാടനം ചെയ്തു.

കെ.എം.എം.എൽ. മാനേജിങ് ഡയറക്ടർ പി. പ്രദീപ്കുമാർ അധ്യക്ഷത വഹിച്ചു. സുരക്ഷിതത്വ മാസത്തോട് അനുബന്ധിച്ച് പ്രദേശത്തെ സ്കൂൾ വിദ്യാർഥികൾക്കും കമ്പനിയിലെ ജീവനക്കാർക്കും വിവിധ സുരക്ഷാ മത്സരങ്ങൾ സംഘടിപ്പിച്ചിരുന്നു. ഈ മത്സരങ്ങളിൽ വിജയികളായവർക്കുള്ള സമ്മാന വിതരണവും നടത്തി.

# സാമൂഹിക ഐക്യത്തിന്റെ വിരുന്നൊരുക്കി പാച്ചല്ലൂർ കുമിളി നഗർ റസിഡന്റ്സ് അസോസിയേഷൻ

തിരുവനന്തപുരം: മതസൗഹാർദ്ദത്തിന്റെയും ഒത്തുചേരലിന്റെയും ഉദാത്തമായ മാതൃക കാണിച്ച് പാച്ചല്ലൂർ കുമിളി നഗർ റസിഡന്റ്സ് അസോസിയേഷൻ. നഗറിലെ 350 ഓളം കുടുംബങ്ങൾക്കായി അസോസിയേഷൻ സംഘടിപ്പിച്ച റംസാൻ വിരുന്ന് നാടിന്റെ ആഘോഷമായി മാറി. ജാതിമത ഭേദമന്യേ എല്ലാ കുടുംബങ്ങൾക്കും ചിക്കൻ ബിരിയാണി വിതരണം ചെയ്തുകൊണ്ടാണ് ഈ വർഷത്തെ റംസാൻ ആഘോഷം അസോസിയേഷൻ വേറിട്ടതാക്കിയത്.നഗരജീവിതത്തിന്റെ തിരക്കുകൾക്കിടയിൽ അയൽപക്ക ബന്ധങ്ങൾ അകന്നുപോകുന്ന കാലഘട്ടത്തിൽ, ഇത്തരത്തിലുള്ള കൂട്ടായ്മകൾ അനിവാര്യമാണെന്ന് ചടങ്ങ് ഉദ്ഘാടനം ചെയ്തുകൊണ്ട് രക്ഷാധികാരി ഡോ. പാച്ചല്ലൂർ അശോകൻ അഭിപ്രായപ്പെട്ടു. സന്തോഷവും സമാധാനവും പങ്കുവെക്കുന്നതിലൂടെ മാത്രമേ ഒരു മികച്ച സാമൂഹിക അന്തരീക്ഷം കെട്ടിപ്പടുക്കാൻ സാധിക്കൂ എന്നും അദ്ദേഹം കൂട്ടിച്ചേർത്തു. അസോസിയേഷൻ വൈസ് പ്രസിഡന്റ് രാമചന്ദ്രൻ അധ്യക്ഷത വഹിച്ച ചടങ്ങിൽ സുരേഷ് പി സ്വാഗതവും നിയാസ് നന്ദിയും രേഖപ്പെടുത്തി. പ്രശസ്ത സംവിധായകൻ സുനിൽദത്ത് സുകുമാരൻ, അഡ്വ. ശ്യാം ശിവദാസ്, രതീഷ് ബി ആർ, സുരേഷ് മാമൂട്, മുരുകൻ തുടങ്ങിയ പ്രമുഖർ ചടങ്ങിൽ സംബന്ധിക്കുകയും ആശംസകൾ അർപ്പിക്കുകയും ചെയ്തു. റംസാൻ വിരുന്നിന്റെ ഭാഗമായി ലഭിച്ച സ്നേഹവിരുന്നിൽ വലിയ ആവേശത്തോടെയാണ് പ്രദേശവാസികൾ പങ്കുചേർന്നത്.

ഇത്തരം ആഘോഷങ്ങൾ ജനങ്ങൾക്കിടയിൽ പരസ്പര വിശ്വാസവും സ്നേഹവും വർധിപ്പിക്കാൻ സഹായിക്കുമെന്ന് പങ്കെടുത്തവർ സാക്ഷ്യപ്പെടുത്തി. വരും വർഷങ്ങളിലും സമാനമായ രീതിയിൽ വൈവിധ്യമാർന്ന പരിപാടികൾ സംഘടിപ്പിക്കാനാണ് അസോസിയേഷന്റെ തീരുമാനം.



●അബൂബക്കർ പി.യു.

കേരള സർവകലാശാലയിൽ നിന്ന് അറബി സാഹിത്യത്തിൽ ഡോക്ടറേറ്റ് നേടിയ അബൂബക്കർ പി.യു. മലപ്പുറം കരുവാരകുണ്ട് കെ.ടി.എം. കോളേജ് ഓഫ് അഡ്വാൻസ് സ്റ്റഡിസ് അറബിക് വിഭാഗം അസിസ്റ്റന്റ് പ്രൊഫസറും പരേതനായ പൊറ്റയിൽ ഉണ്ണീൻ ഹാജിയുടെയും ആമിനയുടെയും മകനുമാണ്. ഭാര്യ: ഡോ. ഷംല ടി.വി. മക്കൾ: അഹ് മദ് ബാദീസ്, ഹിസ്സ മറിയം, അഹ് മദ് അസ്ഹദ്. സിറിയൻ കവിയായ ഉമർ ബഹാഉദ്ദീൻ അമീരിയുടെ കവിതയിലെ ഇസ്ലാമിക സാഹിത്യ വശങ്ങൾ എന്ന ശീർഷകത്തിലായിരുന്നു ഗവേഷണം.

# വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്ത് ബജറ്റ്: ഭവന നിർമാണത്തിന് മുൻഗണന

കൊട്ടാരക്കര: ഭവന നിർമാണത്തിനും ഗ്രാമീണ റോഡുകളുടെ വികസനത്തിനും മുൻഗണന നൽകി വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്തിന്റെ ബജറ്റ് വൈസ് പ്രസിഡന്റ് ജോബിൻ ജേക്കബ് അവതരിപ്പിച്ചു. 22,2,950840 കോടി രൂപ വരവും 15,15,74720 രൂപ ചെലവും 6,87,21124 മിച്ചവും വരുന്ന ബജറ്റാണ് അവതരിപ്പിച്ചത്. യോഗത്തിൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ. ബിന്ദുലക്ഷ്മി അധ്യക്ഷത വഹിച്ചു.

പി.എം.എ.വൈ. ഭവന നിർമാണ പദ്ധതി, ലൈഫ് ഭവന നിർമാണ പദ്ധതി എന്നിവയ്ക്കായി 2.14 കോടിയും ഗ്രാമീണ റോഡുകളുടെ നിർമാണത്തിനും നവീകരണത്തിനുമായി 1.96 കോടിയും വകയിരുത്തി. ക്ഷീര മേഖലയുടെ വികസനത്തിനായി 81.5 ലക്ഷവും കാർഷിക മേഖലയിലെ വിവിധ പദ്ധതികൾക്കായി 27.3 ലക്ഷവും നീക്കിവച്ചു.

അനുപൂരക പോഷകാഹാരം പദ്ധതിക്ക് 9 ലക്ഷവും ബാലസൗഹൃദ ബ്ലോക്ക് പഞ്ചായത്ത് പദ്ധതിക്ക് 10 ലക്ഷവും പൊതു ഇടങ്ങളിൽ കുട്ടികളുടെ പാർക്ക് സ്ഥാപിക്കുന്നതിന് 15 ലക്ഷവും ഭിന്നശേഷി കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിന് 10 ലക്ഷവും കലാകായിക മേളയും വിനോദയാത്രയും സംഘടിപ്പിക്കുന്നതിന് 3.5 ലക്ഷവും വിവിധ തെറാപ്പി ഉപകരണങ്ങൾ വാങ്ങുന്നതിന് 3 ലക്ഷവും വകയിരുത്തി. വയോജന ക്ഷേമത്തിനായി 3 ലക്ഷവും സംരംഭക പ്രോത്സാഹനത്തിനായി 25 ലക്ഷവും വകയിരുത്തി. പട്ടിക ജാതി വിദ്യാർഥികൾക്ക് പഠനമുറി നിർമിക്കുന്നതിന് 30 ലക്ഷവും വിദ്യാഭ്യാസ ഗുണനിലവാരം വർധിപ്പിക്കുന്നതിനുള്ള പ്രോത്സാഹന പദ്ധതിയായ മികവിന് 10 ലക്ഷവും പട്ടികജാതി ഉന്നതികളുടെ വികസനത്തിന് 30 ലക്ഷവും വാദ്യോപകരണങ്ങൾ വാങ്ങുന്ന നാദം പദ്ധതിക്ക് 15 ലക്ഷവും ഉൾപ്പെടെ 85.5 ലക്ഷം രൂപ പട്ടികജാതി ക്ഷേമ മേഖലയ്ക്കായി വകയിരുത്തിയിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്തിന് കീഴിലുള്ള കുളക്കട സി.എച്ച്.സിയുടെ അനുബന്ധ ചെലവനായി 21 ലക്ഷം രൂപയും മരുന്നുകൾ വാങ്ങുന്നതിനായി 12 ലക്ഷം രൂപയും സെക്കൻഡറി പാലിയേറ്റീവ് കെയറിന് 5 ലക്ഷം രൂപയും പ്രൈമറി പാലിയേറ്റീവ് പരിചരണത്തിനായി 20 ലക്ഷം രൂപയും ഉൾപ്പെടെ ആരോഗ്യ മേഖലയുടെ വികസനത്തിന് 84.5 ലക്ഷവും ബജറ്റിൽ വകയിരുത്തി.

തൊഴിൽ പരിശീലനവും തൊഴിൽമേളയും സംഘടിപ്പിക്കുന്ന യുവതയ്ക്കൊപ്പം പദ്ധതിക്കായി 7 ലക്ഷം രൂപയും സർക്കാർ സ്കൂളുകളിലെ കളിസ്ഥലങ്ങളുടെ മേന്മവൽക്കരണത്തിനായി 10 ലക്ഷവും ഉൾപ്പെടുത്തി. വിവിധ അങ്കണവാടി കെട്ടിടങ്ങളുടെ നിർമ്മാണത്തിനും നവീകരണ ത്തിനുമായി 27 ലക്ഷം രൂപയും ബജറ്റിൽ നീക്കിവച്ചു.

# ഇതും ഇന്ത്യയിൽ ആദ്യം: ജില്ലാതല ആശുപത്രിയിൽ ആദ്യമായി ലമെല്ലാർ കേരടോപ്ലാസ്റ്റി

- ഒന്നര മാസത്തിൽ 5 കോർണിയ ട്രാൻസ്പ്ലാന്റേഷൻ ശസ്ത്രക്രിയകൾ

തിരുവനന്തപുരം: രാജ്യത്ത് തന്നെ ശ്രദ്ധ നേടി തിരുവനന്തപുരം ജനറൽ ആശുപത്രി. രാജ്യത്ത് ആദ്യമായി ഒരു ജില്ലാതല ആശുപത്രിയിൽ ഒന്നര മാസത്തിനുള്ളിൽ 5 കോർണിയ ട്രാൻസ്പ്ലാന്റേഷൻ ശസ്ത്രക്രിയകൾ നടത്തി തിരുവനന്തപുരം ജനറൽ ആശുപത്രി. അതിൽ തന്നെ അതീവ വൈദഗ്ദ്ധ്യവും നൂതന സാങ്കേതിക വിദ്യയും ഉപയോഗിക്കുന്ന ലമെല്ലാർ കേരടോപ്ലാസ്റ്റി അഥവാ കോർണിയ മുഴുവനായി മാറ്റാതെ കേട് വന്ന പാളികൾ മാത്രമായി മാറ്റി വയ്ക്കുന്ന ശസ്ത്രക്രിയയും (ഉടഋഗ) അവിടെ വിജയകരമായി നടത്തിയിരിക്കുന്നു. അഭിമാനകരമായ നേട്ടം കൈവരിച്ച ജനറൽ ആശുപത്രിയിലെ മുഴുവൻ ടീം അംഗങ്ങളേയും ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് അഭിനന്ദിച്ചു.

കോർണിയ ട്രാൻസ്പ്ലാന്റേഷനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഉൾപ്പെടെ ഈ സർക്കാരിന്റെ കാലത്ത് ഒരുക്കി. സ്വകാര്യ ആശുപത്രികളിൽ നടത്തുന്ന ചിലവേറിയ ഈ ശസ്തക്രിയ ഒരു സർക്കാർ മേഖലയിലുള്ള ജനറൽ ആശുപത്രിയിൽ നടത്താനായി എന്നത് കേരളത്തിലെ നേത്ര ശസ്ത്രക്രിയയുടെ നിലവാരം തന്നെ ഉയർത്തുന്നതും ആരോഗ്യ വകുപ്പിന് അഭിമാനിക്കാവുന്നതുമായ ഒരു നേട്ടവുമാണ്. കേരളത്തിന്റെ അന്ധതനിവാരണ പദ്ധതിയിൽ സുപ്രധാനമായ ഒരു ചുവടുവയ്പ്പ് കൂടിയാണിത്.

കോർണിയ സർജൻ ഡോ. രശ്മി പി. ഹരിദാസ്, ഡോ. ദിവ്യ, അനസ്തേഷ്യ വിദഗ്ധരായ ഡോ. അമ്പിളി, ഡോ. മധു, നഴ്സിഗ് ഓഫീസർമാരായ ബോബി രേവതി ട്രാൻസ്പ്ലാന്റ് കോർഡിനേറ്റർ നാദിയ, നഴ്സിംഗ് അസിസ്റ്റന്റ് മോളി എന്നിവർ കോർണിയ സർജറിയിൽ സന്നിഹിതരായിരുന്നു.

# സംസ്ഥാന പോലീസ് മോധാവിയുടെ ബാഡ്ജ് ഓഫ് ഓണർ പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു

കൊല്ലം: മികച്ച പോലീസ് സേനാംഗങ്ങൾക്ക് നൽകിവരുന്ന ബാഡ്ജ് ഓഫ് ഓണർ പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു. കൊല്ലം സിറ്റി പോലീസ് മേധാവിക്കും മുൻ മേധാവിമാർക്കും കരുനാഗപ്പള്ളി, ഓച്ചിറ പോലീസ് സ്റ്റേഷനിലെ പോലീസ് ഉദ്യോഗസ്ഥരും പുരസ്കാരങ്ങൾക്ക് അർഹരായി.

കണ്ണൂർ റൂറലിലെ പയ്യാവൂർ സ്റ്റേഷനിൽ 2024 രജിസ്റ്റർ ചെയ്ത കേസിന്റെ അന്വേഷണം മികവിന് കൊല്ലം സിറ്റി പോലീസ് മേധാവി എം.ഹേമലതക്കും 2024ൽ തിരുവനന്തപുരം റൂറൽ ജില്ലയിൽ നടപ്പിലാക്കിയ പരിശീലന പ്രവർത്തനങ്ങളുടെ മികവിന് മുൻ മേധാവിയായിരുന്ന കിരൺ നാരായണനും കരുനാഗപ്പള്ളിയിലെ യുവതിയുടെ കൊലപാതകവുമായി ബന്ധപ്പെട്ടുള്ള കേസിലെ അന്വേഷണത്തിന്റെ നേതൃത്വ മികവിന് 2024ൽ കൊല്ലം സിറ്റി പോലീസ് മേധാവിയായിരുന്ന ചൈത്ര തെരേസ ജോണും പുരസ്കാരങ്ങൾക്ക് അർഹരായി. കരുനാഗപ്പള്ളിയിലെ യുവതിയുടെ കൊലപാതക കേസിന് അന്വേഷണ ചുമതല വഹിച്ചിരുന്ന കരുനാഗപ്പള്ളി എ.എസ്.പിയായിരുന്ന അഞ്ജലി ഭാവന, കരുനാഗപ്പള്ളി ഇൻസ്പെക്ടറായിരുന്ന വി. ബിജു, സബ് ഇൻസ്പെക്ടർമാരായിരുന്ന ഷമീർ, കണ്ണൻ, ഷാജിമോൻ, വേണുഗോപാൽ സീനിയർ സി.പി.ഒമാരായിരുന്ന രാജീവ് കുമാർ, ഹാഷിം സി.പി.ഒമാരായ അനിതമോൾ, നൗഫൻ ജാൻ എന്നിവരും പുരസ്കാരത്തിന് അർഹരായി.

ഓച്ചിറയിൽ 2017 രജിസ്റ്റർ ചെയ്ത പോക്സോ കേസിൽ പ്രതിക്കെതിരെ കുറ്റമറ്റ രീതിയിൽ അന്വേഷണം നടത്തുകയും വിദേശത്തേക്ക് കടന്നു കളഞ്ഞ പ്രതിയെ വിദേശ രാജ്യത്ത് ചെന്ന് അറസ്റ്റ് ചെയ്ത് ശിക്ഷ വാങ്ങി നൽകിയതിന് ഓച്ചിറ പോലീസ് സ്റ്റേഷൻ ഇൻസ്പെക്ടറായിരുന്ന ആർ. പ്രകാശും ബാഡ്ജ് ഓഫ് ഓണർ പുരസ്കാരത്തിന് അർഹനായി.

തിരുവനന്തപുരത്ത് നടക്കുന്ന ചടങ്ങിൽ സംസ്ഥാന പോലീസ് മേധാവി റവാഡ ചന്ദ്രശേഖർ പുരസ്കാരങ്ങൾ വിതരണം ചെയ്യും.

# പോക്സോ കേസിലെ പ്രതിക്ക് 20 വർഷം തടവും പിഴയും



●ഹരികുമാർ(58)

കൊല്ലം: പ്രായപൂർത്തിയാകാത്ത ആൺകുട്ടിയെ ലൈംഗിക പീഡനത്തിന് ഇരയാക്കിയ പ്രതിക്ക് 20 വർഷം തടവും 25,000 രൂപ പിഴയും ശിക്ഷ വിധിച്ചു. ചവറ പോലീസ് സ്റ്റേഷനിൽ 2024 ൽ രജിസ്റ്റർ ചെയ്ത കേസിലെ പ്രതിയായ നീണ്ടകര പരിമണം കെ.പി.പി. സദനത്തിൽ ബാബു എന്ന ഹരികുമാറി(58)നെയാണ് കരുനാഗപ്പള്ളി സ്പെഷൽ ഫാസ്റ്റ് ട്രാക്ക് കോടതി ജഡ്ജ് രാജീവൻ വാചാലിൽ ശിക്ഷിച്ചത്. ചവറ പോലീസ് സബ് ഇൻസ്പെക്ടർ അനീഷ്കുമാർ രജിസ്റ്റർ ചെയ്ത കേസിൽ ഇൻസ്പെക്ടർ കെ.ആർ. ബിജു, എസ്.സി.പി.ഒ. രഞ്ജിത്ത് രാജൻ എന്നിവർ ചേർന്ന് തുടർ അന്വേഷണം പൂർത്തിയാക്കി 10 ദിവസത്തിനുള്ളിൽ കോടതിയിൽ കുറ്റപത്രം സമർപിക്കയായിരുന്നു.പ്രോസിക്യൂഷന് വേണ്ടി സ്പെഷൽ പബ്ലിക് പ്രോസിക്യൂട്ടർ എൻ.സി. പ്രേമചന്ദ്രൻ ഹാജരായി. പ്രോസിക്യൂഷൻ നടപടികൾ എ.എസ്.ഐ. സലീന മഞ്ജു ഏകോപിപ്പിച്ചു.

# മാലിന്യം കെട്ടിക്കിടക്കുന്നതിനെതിരെ പ്രതിഷേധം

കോവളം: ജില്ലയിലെ വിവിധ പ്രദേശങ്ങളിൽ നിന്ന് ശേഖരിച്ച് വെള്ളാറിൽ കൂട്ടിയിട്ടിരിക്കുന്ന മാലിന്യങ്ങൾ തരം തിരിക്കാൻ കഴിയാതെ കെട്ടി കിടക്കുന്നതിനെതിരെ നാട്ടുകാർ പ്രതിഷേധിച്ചു. ഹരിതകർമസേന വീടുകളിൽനിന്നും സ്ഥാപനങ്ങളിൽ നിന്നും ശേഖരിച്ച മാലിന്യമാണ് കോവളം ബൈപ്പാസിൽ വെള്ളാർ സർവ്വീസ് റോഡിനോട് ചേർന്ന് സ്വകാര്യ വ്യക്തിയുടെ പുരയിടത്തിൽ ചാക്ക് കെട്ടുകളിൽ നിറച്ച് കൂട്ടിയിട്ടിരിക്കുന്നത്. മാലിന്യം കുന്ന് കൂടിയത് കാരണം പ്രദേശം പകർച്ച വ്യാധിയുടെ ഭീഷണിയിലാണെന്നും ഒരാഴ്ചയായി ഇവിടെ മാലിന്യ നീക്കം നിലച്ചിരിക്കുകയാണെന്നും നാട്ടുകാർ പറയുന്നു. നഗരസഭ വെള്ളാർ വാർഡ് കൗൺസിലറും സ്റ്റാന്റിങ് കമ്മിറ്റി ചെയർപേഴ്സണുമായ സത്യവതി, കൗൺസിലർമാരായ പാച്ചല്ലൂർ ഗോപൻ, വയൽക്കര രതീഷ്, പൊതു പ്രവർത്തകരായ ഷിബു സേതുനാഥ്, വെള്ളാർ സന്തോഷ്, വെള്ളാർ ജയൻ, വാഴമുട്ടീ മധു തുടങ്ങിയവർ സ്ഥലത്തെത്തി കാരാറുകാരുടെ പ്രതിനിധിയുമായി സംസാരിച്ചു. മാലിന്യം തരം തിരിക്കാൻ ആളില്ലാത്തതും തമിഴ്നാട്ടിലേക്ക് യഥാസമയം ലോഡ് അയക്കാൻ കഴിയാത്തതുമാണ് മാലിന്യം പെരുകാരൻ കാരണമെന്ന് കരാറുകാരൻ അറിയിച്ചു. മാലിന്യം എത്രയും പെട്ടെന്ന്നീക്കം ചെയ്യാൻ കരാറുകാറുകാർക്ക് നോട്ടീസ് നൽകിയതായി കൗൺസിലർ സത്യവതി പറഞ്ഞു.

# മുഖ്യമന്ത്രിയുടെ ചിത്രം ഉപയോഗിച്ച് സൈബർ തട്ടിപ്പ്

തിരുവനന്തപുരം: ഫേസ്ബുക്കിൽ മുഖ്യമന്ത്രിയുടെ ചിത്രം ഉപയോഗിച്ച് വ്യാജ പരസ്യങ്ങൾ പ്രചരിപ്പിച്ച് നിങ്ങളുടെ ഫോണിൽ ഫോൺ ആപ്പ് ഉണ്ടെങ്കിൽ എളുപ്പത്തിൽ 12000 സമ്പാദിക്കാം എന്ന തരത്തിലുള്ള സന്ദേശം നൽകി കൊണ്ടാണ് ഈ തട്ടിപ്പിന് തുടക്കം.മുഖ്യമന്ത്രിയുടെ ചിത്രം വ്യാജമായി ഉപയോഗിച്ച് വരുന്നതിനാൽ പരസ്യത്തിൽ കൂടുതൽ വിശ്വാസ്യത തോന്നി തട്ടിപ്പ് തിരിച്ചറിയാതെ ബട്ടണിൽ ക്ലിക്ക് ചെയ്യുന്നതോടെ മൊബൈൽ ഫോണിൽ ഫോൺപേ ആപ്പ് സ്വയം തുറക്കുന്നതായും അവിടെ 1499 എന്ന തുക കാണിക്കുകയും ചെയ്യുന്നു. തുക ലഭിക്കാനായി പിൻ നമ്പർ നൽകുന്നതോടെ അക്കൗണ്ടിൽ നിന്നും പണം നഷ്ടമാകുന്നു.

# കൊറ്റൻകുളങ്ങര ദേവീ ക്ഷേത്രം; ചമയവിളക്ക് ഉത്സവം ഇന്ന് തുടങ്ങും

ചവറ:കൊറ്റൻകുളങ്ങര ദേവീ ക്ഷേത്രത്തിലെ പ്രസിദ്ധമായ ചമയവിളക്ക് ഉത്സവം ഇന്ന് മുതൽ 25 വരെ നടക്കും. ഇന്ന് വൈകിട്ട് 5.30ന് ചവറ ബസ് സ്റ്റാന്റിൽ നിന്ന് ആരംഭിക്കുന്ന താലപ്പൊലി ഘോഷയാത്ര ചവറ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്അംബികാദേവി ദീപം തെളിച്ച് ഉദ്ഘാടനം ചെയ്യും.

രാത്രി എട്ടിന് ആനന്ദാമൃത സംഗീതം.12ന് രാത്രി എട്ടിന് നാടകം.13ന് 5.30ന് താലപ്പൊലി ഘോഷയാത്ര. രാത്രി എട്ടിന് കൈകൊട്ടിക്കളി. 14ന് മൂന്നിന് തിരുവാഭരണ ഘോഷയാത്ര 150–ൽപരം കലാകാരൻ അണിനിരക്കുന്ന വർണക്കാഴ്ചകളുടെയും അകമ്പടിയോടെ കുഞ്ഞാലുംമൂട് വഴി ക്ഷേത്രത്തിലെത്തി തിരുവാഭരണം ചാർത്തും. രാത്രി 7.30ന് നൃത്ത കലാസന്ധ്യ.15ന് എട്ടിന് പറയ്ക്കെഴുന്നള്ളത്ത്. 5.30–ന് ഘോഷയാത്ര. രാത്രി ഏഴിന് ഭക്തി ഗാനമേള.16ന് 6.45ന് നദസ്വരക്കച്ചേരി. രാത്രി എട്ടിന് ചലച്ചിത്ര താരം അമ്പിളി ദേവിയുടെ നൃത്തസന്ധ്യ.17–ന് രാത്രി ഏഴിന് നൃത്ത സന്ധ്യ.എട്ടിന് നൃത്ത ശിൽപം.18ന് രാത്രി ഏഴിന് കൈകൊട്ടിക്കളി. എട്ടിന് കോമഡി ഷോ.19ന് അഞ്ചിന് താളച്ചുവട്. 5.30ന് ഘോഷയാത്ര. രാത്രി ഏഴിന് കുത്തിയോട്ടച്ചുവട്. 20ന് അഞ്ചിന് പൂര പ്രകമ്പനം. രാത്രി ഏഴിന് ഭജൻസ്. 21–ന് അഞ്ചിന് ഘോഷ വിസ്മയം. രാത്രി എട്ടിന് നാടകം.22–ന് ആറിനു കടത്താറ്റ് വയൽ പൊങ്കാല.അഞ്ചിന് ദൃശ്യ വരവ്.രാത്രി 7.15–ന് നടന വിസ്മയം. 23–ന് 5.30–ന് താലപ്പൊലി ഘോഷയാത്ര. രാത്രി എട്ടിന് ഗാനമേള. 24ന് രാവിലെ 11ന് ക്ഷേത്രം തന്ത്രി കുമാരമംഗലത്ത് ഇല്ലത്ത് നാരായണൻ നമ്പൂതിരിയുടെ മുഖ്യ കാർമികത്വത്തിൽ കലശ പൂജകൾ. മൂന്നിന് കെട്ടുകാഴ്ച. രാത്രി 11ന് സംഗീത സദസ്. പുലർച്ചെ മൂന്നിന് പുരുഷാഗംനമാരുടെ വിളക്ക്. 25ന് 11ന് കലശ പൂജകൾ. മൂന്നിന് കെട്ടുകാഴ്ച. രാത്രി 11.30ന് നാദസ്വരക്കച്ചേരി. പുലർച്ചെ മൂന്നിന് ചമയവിളക്ക്.

ചമയവിളക്കുത്സവത്തിനുള്ള എല്ലാ ഒരുക്കങ്ങളും പൂർത്തിയായതായി പ്രസിഡന്റ് ആർ.രാജീവ്, സെക്രട്ടറി എസ്. രാജശേഖരൻപിള്ള, പബ്ലിസിറ്റി കൺവീനർ വിനു.വി. നായർ, ഖജാൻജി ജി.അനിലാൽ എന്നിവർ അറിയിച്ചു.


പഞ്ചാബ് നാഷണൽ ബാങ്ക് ...भरोसे का प्रतीक ! punjab national bank ...the name you can BANK upon !

ശാഖാ ഓഫീസ്: എ. ആർ. എം. ബി. എറണാകുളം, പി.എൻ.ബി. ഹൗസ്, മാർക്കറ്റ് റോഡ്, എറണാകുളം-682011. ഫോൺ: 0484-2350477, ഇ–മെയിൽ: CS4459@pnb.bank.in

## സ്ഥാവര വസ്തുക്കളുടെ വിൽപ്പന നോട്ടീസ്

**സെക്യൂരിറ്റൈസേഷൻ ആന്റ് റീ കൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ട് 2002 ന്റെ പ്രൊവിഷൻ റൂൾ 8(6) & 9(1) പ്രകാരം ബാങ്കിൽ പണയപ്പെടുത്തിയിട്ടുള്ള സ്ഥാവര വസ്തുക്കളുടെ ഇ–വിൽപ്പന നോട്ടീസ്.** താഴെ പറയുന്ന വായ്പക്കാർ/ജാമ്യക്കാരിൽ നിന്ന് ഈടായി കിട്ടുവാനുള്ള കുടിശ്ശിക തുകയും തുടർ പലിശയും മറ്റ് ചാർജ്ജുകളും വസൂലാക്കുന്നതിന് വേണ്ടി പണയപ്പെടുത്തിയ / ചാർജ്ജുള്ളതുമായ വസ്തുക്കൾ **ബാങ്കിന്റെ/സെക്യൂർഡ് ക്രഡിറ്ററുടെ** അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥ ക്രിയാത്മകമായി/പ്രത്യക്ഷമായി/പ്രതീകാത്മകമായി കൈവശപ്പെടുത്തിയതാകുന്നു. സ്ഥാവര വസ്തുക്കൾ "**എവിടെയാണോ**" "**എങ്ങിനെയാണോ**" "**ഏതൊക്കെയാണോ**" എന്ന അടിസ്ഥാനത്തിൽ താഴെ പറയുന്ന തീയതിയിൽ വിൽപ്പന നടത്തുന്ന വിവരം ജനങ്ങളെ പൊതുവായും വായ്പക്കാരെയും ജാമ്യക്കാരെയും പ്രത്യേകമായും അറിയിച്ചുകൊള്ളുന്നു. ലേല തീയതിയും കുടിശ്ശിക തുകയുടെയും വിവരങ്ങൾ താഴെ പട്ടികയിൽ കൊടുത്തിരിക്കുന്നു.

**ലേല തീയതിയും സമയവും: 27.03.2026 ന് രാവിലെ 11.00 മണി മുതൽ വൈകുന്നേരം 5.00 മണി വരെ**

| ക്രമ നം. | ശാഖയുടെ പേര്/ അക്കൗണ്ടിന്റെ പേര് വായ്പക്കാർ/ ജാമ്യക്കാരുടെ പേര് /വിലാസം | വസ്തു വിവരണവും പണയപ്പെടുത്തിയ ആളുടെ പേരും (വസ്തുവിന്റെ ഉടമ) | എ) സർഫേസി ആക്ട് 2002 സെക്ഷൻ 13(2) പ്രകാരം ഡിമാന്റ് നോട്ടീസ് അയച്ച തീയതി ബി) കുടിശ്ശിക തുക സി) സർഫേസി ആക്ട് 2002 സെക്ഷൻ 13(4) പ്രകാരം കൈവശമെടുത്ത തീയതി ഡി) കൈവശമെടുത്ത രീതി പ്രതീകാത്മക/പ്രത്യക്ഷമായി/ക്രിയാത്മകമായി. | (എ) കരുതൽ വില (ബി) നിരതദ്രവ്യം: (സി) ലേല വർദ്ധന തുക: | സെക്യൂർഡ് ക്രെഡിറ്ററിന്റെ അറിവിലുള്ള ബാദ്ധ്യതയുടെ വിശദാംശങ്ങൾ |
|---|---|---|---|---|---|
| 1. | **PNB, ARMB, എറണാകുളം**<br>**ശ്രീ. അക്രം അർഷാദ്. എ**, TC 20/2072, അക്രം മൻസിൽ, പള്ളിനട, കരമന മോസ്കിന് എതിർവശം, കരമന പി.ഒ, തിരുവനന്തപുരം-695020<br>**ശ്രീമതി. നദീറ ബീവി** അക്രം മൻസിൽ, പള്ളിനട, കരമന മോസ്കിന് എതിർവശം, കരമന പി.ഒ, തിരുവനന്തപുരം-695020, **ശ്രീ. മുഹമ്മദ് ബായർ**, TC 54/437, നേമം പി.ഒ, തിരുവനന്തപുരം-695020. | തിരുവനന്തപുരം ജില്ലയിൽ, തിരുവനന്തപുരം താലൂക്കിൽ, തൈക്കാട് വില്ലേജിൽ, ശ്രീമതി. നദീറ ബീവി പേരിലുള്ള റീ.സർവ്വേ നം.26, (പഴയ സർവ്വേ നം.1771/1) ൽ പ്പെട്ട 1.07 ആർസ് സ്ഥലവും അതിലിരിപ്പ് കെട്ടിടവും സകലവിധ കുഴിക്കൂർ ചമയങ്ങളും. **അതിരുകൾ**: : **വടക്ക്**: ആലുമൂട്ടുവിളാകം വക വസ്തു; **തെക്ക്**: റോഡ്; **കിഴക്ക്**: തനത് വസ്തു, **പടിഞ്ഞാറ്**: അബൂബക്കർകുഞ്ഞ് വക വസ്തു. | (എ). 13(2)-20.02.2025<br>(ബി).28.02.2026 ലെ രൂപ 26,09,856.88 (**ഇരുപത്തിയാറ് ലക്ഷത്തി ഒൻപതിനായിരത്തി എണ്ണൂറ്റി അൻപത്തിയാറ് രൂപ എൺപത്തിയെട്ട് പൈസ**)യും പലിശയും മറ്റ് ചെലവുകളും<br>(സി). കൈവശമെടുത്ത തീയതി – 08.05.2025<br>(ഡി). പ്രതീകാത്മക കൈവശം | (എ) രൂപ 74,50,000/-<br>(ബി) രൂപ 7,45,000/-<br>(സി) രൂപ 10,000/- | അധികാരപ്പെട്ട ഉദ്യോഗസ്ഥന്റെ അറിവിൽ ബാധ്യതകളൊന്നുമില്ല. ലേലാർത്ഥികൾ ജാഗ്രത പാലിക്കാൻ അഭ്യർത്ഥിക്കുന്നു. |
| 2. | **PNB, ARMB, എറണാകുളം**<br>M/s **ആചാര്യ ഫാർമസ്യൂട്ടിക്കൽസ്**, വലിയകട, ചിറയിൻകീഴ്, തിരുവനന്തപുരം-695304<br>**ശ്രീ. പ്രദീപ് കുമാർ. പി**, S/o പുരുഷോത്തമൻ, **ശ്രീമതി. ധന്യ എസ്.**<br>ഇരുവരും താമസം: ധന്യ നിവാസ്, വലിയകട, ചിറയിൻകീഴ്, തിരുവനന്തപുരം-695304 | തിരുവനന്തപുരം ജില്ലയിൽ, ചിറയിൻകീഴ് താലൂക്കിൽ, ശാർക്കര വില്ലേജിൽ, ശ്രീ.പ്രദീകുമാർ.പി & ശ്രീമതി.ധന്യ എന്നിവരുടെ പേരിലുള്ള ബ്ലോക്ക് നം.12 റീ.സർവ്വേ നം. 364/23 ൽ പ്പെട്ട 4.18 ആർസ് & റീ.സർവ്വേ നം. 364ൽ പ്പെട്ട 0.20 ആർസ് സ്ഥലവും തന്നിലെ സകലവിധ കുഴിക്കൂർ ചമയങ്ങളും. **അതിരുകൾ**: **വടക്ക്**: ക്ഷേത്രം വക വസ്തു, **കിഴക്ക്**: ക്ഷേത്രം, **പടിഞ്ഞാറ്**: ഇടവഴി, **തെക്ക്**: ഇടവഴി. | (എ). 13(2)-17.09.2014<br>(ബി).28.02.2026 ലെ രൂപ 1,03,97,692.21 (**ഒരു കോടി മൂന്ന് ലക്ഷത്തി തൊണ്ണൂറ്റിയേഴായിരത്തി അറുന്നൂറ്റി തൊണ്ണൂറ്റി രണ്ട് രൂപ ഇരുപത്തി ഒന്ന് പൈസ**)യും പലിശയും മറ്റ് ചെലവുകളും<br>(സി). കൈവശമെടുത്ത തീയതി – 04.07.2015<br>(ഡി). പ്രതീകാത്മക കൈവശം | (എ) രൂപ 22,40,000/-<br>(ബി) രൂപ 2,24,000/-<br>(സി) രൂപ 10,000/- | അധികാരപ്പെട്ട ഉദ്യോഗസ്ഥന്റെ അറിവിൽ ബാധ്യതകളൊന്നുമില്ല. ലേലാർത്ഥികൾ ജാഗ്രത പാലിക്കാൻ അഭ്യർത്ഥിക്കുന്നു. |
| 3 | **PNB, ARMB, എറണാകുളം**<br>**രാജേഷ്. വി**, S/o വർഗീസ് തങ്കയ്യൻ, ക്രൈസ്റ്റ് ഭവൻ, എടമല, കരിപ്പൂർ പി.ഒ, നെടുമങ്ങാട്, തിരുവനന്തപുരം-695541 | തിരുവനന്തപുരം ജില്ലയിൽ നെടുമങ്ങാട് താലൂക്കിൽ, കരിപ്പൂർ വില്ലേജിൽ, സർവ്വേ നം. 522/5-1-1 ൽ പ്പെട്ട ശ്രീ. രാജേഷ്.വി. എന്നയാളുടെ പേരിലുള്ള 2.02 ആർ സ്ഥലവും കെട്ടിടവും സകലവിധ കുഴിക്കൂർ ചമയങ്ങളും. **അതിരുകൾ**: **വടക്ക്**: കനാൽ റോഡ്; **തെക്ക്**: ശോഭ വക വസ്തു; **കിഴക്ക്**: ജോണി വക വസ്തു; **പടിഞ്ഞാറ്**: ശോഭ വക വസ്തു. | (എ). 13(2)- 12.01.2015<br>(ബി).28.02.2026 ലെ രൂപ 53,41,211.68 (**അൻപത്തി മൂന്ന് ലക്ഷത്തി നാൽപ്പത്തി ഒരായിരത്തി ഇരുന്നൂറ്റി പതിനൊന്ന് രൂപ അറുപത്തിയെട്ട് പൈസ**)യും പലിശയും മറ്റ് ചെലവുകളും<br>(സി). കൈവശമെടുത്ത തീയതി – 06.02.2023<br>(ഡി). പ്രതീകാത്മക കൈവശം | (എ) രൂപ 18,75,000/-<br>(ബി) രൂപ 1,87,500/-<br>(സി) രൂപ 10,000/- | നെടുമങ്ങാട് കുടുംബ കോടതിയുടെ അറ്റാച്ച്മെന്റ് |
| 4 | **PNB, ARMB, എറണാകുളം**<br>**M/s ജെ ആർ ടിംബർ ടെക്നിക്സ് പി ലിമിറ്റഡ്**, ടി സി 22/2262, കോൺവെന്റ് ലെയ്ൻ, തിരുവനന്തപുരം, **ശ്രീ. ദിനേശൻ രാമൻ** (ഡയറക്ടർ), ടി സി 9/22031, ശ്രീശൈലം, ശാസ്തമംഗലം, തിരുവനന്തപുരം-695010. **ശ്രീമതി. രേഖ എസ്**, W/o പരേതനായ ജെസുദാസ് (എം.ജി. ഡയറക്ടർ), സിആർഎ, 8, മധുമുക്ക് കല്ലുമൂട് ഗാർഡൻസ്, തിരുവനന്തപുരം-695029. **ശ്രീമതി. ആൻ മേരി**, D/o പരേതനായ യേശുദാസ്. **ശ്രീ. അലൻ ജോസഫ്**, S/o പരേതനായ യേശുദാസ്. | തിരുവനന്തപുരം ജില്ലയിൽ, ചിറയിൻകീഴ് താലൂക്കിൽ, എടക്കോട് വില്ലേജിൽ സർവ്വേ നം. 202/4 ൽ പ്പെട്ട 2 22.60 **ആർസ് (58.85 സെന്റ്)** സ്ഥലവും കെട്ടിടവും & പണയപ്പെടുത്തിയ യന്ത്രങ്ങളുടെയും ഉപകരണങ്ങളുടെയും, അവയിൽ ഘടിപ്പിച്ചിരിക്കുന്ന ഇലക്ട്രിക്കൽ ഫിറ്റിംഗുകളും ഫിക്ചറുകളും. തന്നിലെ സകലവിധ കുഴിക്കൂർ ചമയങ്ങളും. **അതിരുകൾ**: **കിഴക്ക്**: ശിവാനന്ദൻ വക വസ്തു, **തെക്ക്**: രവീന്ദ്രൻ വക വസ്തു, **പടിഞ്ഞാറ്**: സത്യബോമേശ്വരൻ വക വസ്തു, **വടക്ക്**: റോഡ്. | (എ). 13(2)- 03.01.2018<br>(ബി).28.02.2026 ലെ രൂപ 4,05,96,228.76 (**നാല് കോടി അഞ്ച് ലക്ഷത്തി തൊണ്ണൂറ്റിയാറായിരത്തി ഇരുന്നൂറ്റി ഇരുപത്തിയെട്ട് രൂപ എഴുപത്തിയാറ് പൈസ**)യും പലിശയും മറ്റ് ചെലവുകളും<br>(സി). കൈവശമെടുത്ത തീയതി – 25.05.2019 പ്രതീകാത്മകം)<br>(ഡി). പ്രത്യക്ഷ കൈവശം | (എ) രൂപ 1,09,36,000/-<br>(ബി) രൂപ 10,93,600/-<br>(സി) രൂപ 10,000/- | അധികാരപ്പെട്ട ഉദ്യോഗസ്ഥന്റെ അറിവിൽ ബാധ്യതകളൊന്നുമില്ല. ലേലാർത്ഥികൾ ജാഗ്രത പാലിക്കാൻ അഭ്യർത്ഥിക്കുന്നു. |
| 5 | **PNB, ARMB, എറണാകുളം**<br>**M/s എക്സലന്റ് വുഡ്സ് ഇൻഡസ്ട്രീസ്**<br>**ശ്രീ. ശരവണൻ. എൻ**, S/o നടേശൻ ആശാരി, കാരിക്കൂട്ടുകുഴി, പുത്തൻവീട്, ചെമ്പൂർ, കാട്ടാക്കട, ഒറ്റശേഖരമംഗലം പി ഒ, തിരുവനന്തപുരം-695125. | **(i)** തിരുവനന്തപുരം ജില്ലയിൽ കാട്ടാക്കട താലൂക്കിൽ, കീഴാറൂർ വില്ലേജിൽ, റീ.സർവ്വേ നം. 162/23-1, ബ്ലോക്ക് നം.27 ൽ പ്പെട്ട 1.21 ആർ സ്ഥലവും കെട്ടിടവും(നം.APVIII/648) സകല വിധ കുഴിക്കൂർ ചമയങ്ങളും.<br>**(ii)** തിരുവനന്തപുരം ജില്ലയിൽ കാട്ടാക്കട താലൂക്കിൽ, കീഴാറൂർ വില്ലേജിൽ, റീ.സർവ്വേ നം. 162/4/1, ബ്ലോക്ക് നം.27 ൽ പ്പെട്ട 1.21 ആർ സ്ഥലവും കെട്ടിടവും (നം.APVIII/648) സകല വിധ കുഴിക്കൂർ ചമയങ്ങളും. **അതിരുകൾ**: **വടക്ക്**: ക്യസ്തുദാസ് വക വസ്തു, **തെക്ക്**: മേഴ്സി വക വസ്തു; **കിഴക്ക്**: സെൽവനോസ് വക വസ്തു, **പടിഞ്ഞാറ്**: ശരവണൻ വക വസ്തു. | (എ). 13(2)-15.06.2024<br>(ബി).30.11.2025 ലെ രൂപ 67,21,369.86 (**അറുപത്തിയേഴ് ലക്ഷത്തി ഇരുപത്തി ഒരായിരത്തി മുന്നൂറ്റി അറുപത്തി ഒൻപത് രൂപ എൺപത്തിയാറ് പൈസ**)യും പലിശയും മറ്റ് ചെലവുകളും<br>(സി). കൈവശമെടുത്ത തീയതി –28.08.2024<br>(ഡി). പ്രതീകാത്മക കൈവശം | (എ) രൂപ 27,50,000/-<br>(ബി) രൂപ 2,75,000/-<br>(സി) രൂപ 10,000/- | അധികാരപ്പെട്ട ഉദ്യോഗസ്ഥന്റെ അറിവിൽ ബാധ്യതകളൊന്നുമില്ല. ലേലാർത്ഥികൾ ജാഗ്രത പാലിക്കാൻ അഭ്യർത്ഥിക്കുന്നു. |
| 6 | **PNB, ARMB, എറണാകുളം**<br>**സുനിൽ. എസ്**, TC 1/286 (I) & (II) രോഹിണി, PRA 122, സുഗന്ധം, പുന്നക്കാമുഗൾ, ആറാമട പി.ഒ, തിരുവനന്തപുരം-695032.<br>**ശ്രീമതി. സുലോചന. ബി** (ജാമ്യക്കാരി), (II) രോഹിണി, PRA 122, സുഗന്ധം, പുന്നക്കാമുഗൾ, ആറാമട പി.ഒ, തിരുവനന്തപുരം-695032. | തിരുവനന്തപുരം ജില്ലയിൽ തിരുവനന്തപുരം താലൂക്കിൽ, തിരുമല വില്ലേജിൽ, ശ്രീ.സുനിൽ.എസ്.എസ് & ശ്രീമതി. സുലോചന.ബി എന്നിവരുടെ പേരിലുള്ള സർവ്വേ നം. 1089/3-2-2 ൽ പ്പെട്ട 13 സെന്റ് സ്ഥലവും കെട്ടിടവും സകല വിധ കുഴിക്കൂർ ചമയങ്ങളും. **അതിരുകൾ**: **വടക്ക്**: ഗോപകുമാർ വക വസ്തു, **തെക്ക്**: മോഹനൻ വക വസ്തു, **കിഴക്ക്**: ശ്രീകണ്ഠൻ നായർ വക വസ്തു, **പടിഞ്ഞാറ്**: കോർപ്പറേഷൻ റോഡ്. | (എ). 13(2)-09.10.2023<br>(ബി). 28.02.2026 ലെ രൂപ 22,15,294.06 (**ഇരുപത്തി രണ്ട് ലക്ഷത്തി പതിനയ്യായിരത്തി ഇരുന്നൂറ്റി തൊണ്ണൂറ്റി നാല് രൂപ ആറ് പൈസ**)യും പലിശയും മറ്റ് ചെലവുകളും<br>(സി). കൈവശമെടുത്ത തീയതി –28.12.2023<br>(ഡി). പ്രതീകാത്മക കൈവശം | (എ) രൂപ 1,29,53,000/-<br>(ബി) രൂപ 12,95,300/-<br>(സി) രൂപ 10,000/- | അധികാരപ്പെട്ട ഉദ്യോഗസ്ഥന്റെ അറിവിൽ ബാധ്യതകളൊന്നുമില്ല. ലേലാർത്ഥികൾ ജാഗ്രത പാലിക്കാൻ അഭ്യർത്ഥിക്കുന്നു. |
| 7 | **PNB, ARMB, എറണാകുളം**<br>**M/s ഓർമ്മ ബയോബേൺ**, പ്രൊപ്രൈറ്റർ: **ശ്രീ. ജയരാജ് ഏലിയാസ്** മേക്കുംകര വീട്, മേലന്തിയൂർക്കോണം, കൊല്ലോട് പി.ഒ, തിരുവനന്തപുരം-695571 | തിരുവനന്തപുരം ജില്ലയിൽ നെയ്യാറ്റിൻകര താലൂക്കിൽ, മലയിൻകീഴ് വില്ലേജിൽ, ശ്രീ.ജയരാജ് ഏലിയാസിന്റെ പേരിലുള്ള റീ.സർവ്വേ നം. 269/34 ൽ പ്പെട്ട 12.14 ആർസ് സ്ഥലവും കെട്ടിടവും (നം.MP/V/291A, MP/V/291B) സകല വിധ കുഴിക്കൂർ ചമയങ്ങളും. **അതിരുകൾ**: **വടക്ക്**: പഞ്ചായത്ത് റോഡ്, **തെക്ക്**: ശോഭ വക വസ്തു, **കിഴക്ക്**: സ്വകാര്യ വസ്തു & ശാന്തപ്പു വക വസ്തു, **പടിഞ്ഞാറ്**: ദാമോദരൻ വക വസ്തു. | (എ). 13(2)-26.02.2019<br>(ബി). 28.02.2026 ലെ രൂപ 92,55,964.22 (**തൊണ്ണൂറ്റി രണ്ട് ലക്ഷത്തി അൻപത്തി അയ്യായിരത്തി തൊള്ളായിരത്തി അറുപത്തി നാല് രൂപ ഇരുപത്തി രണ്ട് പൈസ**)യും പലിശ യും മറ്റ് ചെലവുകളും<br>(സി). കൈവശമെടുത്ത തീയതി –07.06.2019<br>(ഡി). പ്രതീകാത്മക കൈവശം | (എ) രൂപ 80,14,000/-<br>(ബി) രൂപ 8,01,400/-<br>(സി) രൂപ 10,000/- | അധികാരപ്പെട്ട ഉദ്യോഗസ്ഥന്റെ അറിവിൽ ബാധ്യതകളൊന്നുമില്ല. ലേലാർത്ഥികൾ ജാഗ്രത പാലിക്കാൻ അഭ്യർത്ഥിക്കുന്നു. |
| 8 | **PNB, ARMB, എറണാകുളം**<br>**M/s ഗ്ലോബൽ നോളജ് ഫൗണ്ടേഷൻ ട്രസ്റ്റ്**, 3C, സമ്മർ ബ്രീസ്, കുറവൻകാണം,കവടിയാർ പി.ഒ, തിരുവനന്തപുരം -695003, രജിസ്റ്റേർഡ് ഓഫീസ്, 10/B ചോയ്സ് ഹൈറ്റ്സ്, കവടിയാർ പി.ഒ., തിരുവനന്തപുരം-695003 & അഡ്മിനിസ്ട്രേറ്റീവ് ഓഫീസ്: ആക്സിസ് കോളേജ് ഓഫ് എഞ്ചിനീയറിംഗ് & ടെക്നോളജി H.No. 5/424, നന്ദിക്കര പി.ഒ, കൊടകര (വഴി), എൻ. എച്ച്.47, തൃശ്ശൂർ-680301 പ്രതിനിധാനം ചെയ്യുന്നത് ജനറൽ സെക്രട്ടറി. **ടി.സി വിൽസൺ**, S/o ചാക്കോ, M/s ഗ്ലോബൽ നോളജ് ഫൗണ്ടേഷന്റെ ജനറൽ സെക്രട്ടറി & ട്രസ്റ്റി, വിലാസം: എ) 10/B ചോയ്സ് ഹൈറ്റ്സ്, കവടിയാർപി.ഒ., തിരുവനന്തപുരം-695003, ബി) താമസം: തേക്കാനം വീട്, ഒക്കൽ പി.ഒ., താണിപ്പുഴ, ആലുവ, സി) സമ്മർ ബ്രീസ്, No.3C കുറവവോണം ജംഗ്ഷൻ, കവടിയാർ പി.ഒ, പിൻ 695003, കവടിയാർ വില്ലേജ്, തിരുവനന്തപുരം ജില്ല. **ബി. സയ്ദ് മുഹമ്മദ്**, S/o പരേതനായ അബ്ദുള്ള, M/s ഗ്ലോബൽ നോളജ് ഫൗണ്ടേഷൻ-ന്റെ ചെയർമാൻ & ട്രസ്റ്റി, വിലാസം: എ) 10/B ചോയ്സ് ഹൈറ്റ്സ്, കവടിയാർ പി.ഒ., തിരുവനന്തപുരം-695003, ബി) താമസം: ആഞ്ചസ് ആഷിയാമ്മ 50/1835 ചേരാനല്ലൂർ റോഡ്, സൊസൈറ്റി പടി നോർത്ത്, ഇടപ്പള്ളി നോർത്ത്, എയിംസ് പിഒ, കൊച്ചി -682041. **എം.കെ നസറുദ്ദീൻ മുസലിയാർ**, S/o കെ.എം.കെ മുസലിയാർ, M/s ഗ്ലോബൽ നോളജ് ഫൗണ്ടേഷന്റെ ട്രഷറർ & ട്രസ്റ്റി, വിലാസം: എ) 10/B ചോയ്സ് ഹൈറ്റ്സ്, കവടിയാർ പി.ഒ., തിരുവനന്തപുരം-695003, ബി) താമസം: അമൽ, 236/1104 (4), ഇഞ്ചിക്കൽ, പേട്ട വില്ലേജ്, വള്ളക്കടവ് പി.ഒ, പിൻ -695008, തിരുവനന്തപുരം. **ജി. ഹരികുമാർ**, S/o ഗോപാല പിള്ള, M/s ഗ്ലോബൽ നോളജ് ഫൗണ്ടേഷന്റെ ജോയിന്റ് സെക്രട്ടറി & ട്രസ്റ്റി,വിലാസം: എ) 10/B ചോയ്സ് ഹൈറ്റ്സ്, കവടിയാർ പി.ഒ.,തിരുവനന്തപുരം-695003, ബി) താമസം: ടിസി 9/2037 (15), എ ലൈൻ, ഇടപ്പഴഞ്ഞി, ശാസ്തമംഗലം പി.ഒ, പിൻ 695010, തിരുവനന്തപുരം, **കെ. ജി മധു**, S/o പി.ഗോപി, M/s ഗ്ലോബൽ നോളജ് ഫൗണ്ടേഷൻന്റെ ട്രസ്റ്റി, വിലാസം: എ) 10/B ചോയ്സ് ഹൈറ്റ്സ്, കവടിയാർ പി.ഒ., തിരുവനന്തപുരം-695003, ബി) താമസം: കള്ളിയേത്ത്, PRA 142A, പടയണി റോഡ്, മരുതൻകുഴി,വട്ടിയൂർക്കാവ് വില്ലേജ്, വട്ടിയൂർക്കാവ് പി.ഒ, തിരുവനന്തപുരം-695013. **കുഞ്ഞിപോക്കർ മുഹമ്മദ്**, S/o പരേതനായ മുഹമ്മദ്, M/s ഗ്ലോബൽ നോളജ് ഫൗണ്ടേഷൻ, -ന്റെ ട്രസ്റ്റി, വിലാസം:എ) 10/B ചോയ്സ് ഹൈറ്റ്സ്, കവടിയാർ പി.ഒ., തിരുവനന്തപുരം-695003, ബി) താമസം: തെക്കേപടയിൽ വീട്, പുന്നയൂർ പഞ്ചായത്ത്, പി ഒ വടക്കേകാട് (വഴി) പട്ടകുളങ്ങര ക്ഷേത്രം,നോർത്ത് തൃശ്ശൂർ,കേരളം, **ദീപ ജെ**, D/o ജയകുമാരി എസ്,കാർത്തിക,തുരുവിക്കൽ പി.ഒ, പുലയനാർകോട്ട, ചെറുവിക്കൽ വില്ലേജ്,തിരുവനന്തപുരം- 695031. **എസ്. ബിന്ദു കലാദേവി**, D/o ശിവകുമാരി അമ്മ, പുതുമടം പുത്തൻവീട്, 5th അവന്യൂ, നമ്പർ 86, അഭയ നഗർ, ഊളൻപാറ,പേരൂർക്കട,തിരുവനന്തപുരം. **അബ്ദുൾ കരീം**, S/o പരീദ്, മുസ്ലീംവീട്ടിൽ വീട്, വെങ്കിടങ്ങ് പി.ഒ.,തൃശൂർ-680510. **സൗധ അബ്ദുൾ കരീം**, W/o അബ്ദുൾ കരീം, മുസ്ലീംവീട്ടിൽ വീട്, വെങ്കിടങ്ങ് പി.ഒ., തൃശൂർ-680510. **മുഹമ്മദ് അഷറഫ് അഥവാ കെ.കെ അഷറഫ്**, S/o കുഞ്ഞുമോൻ മുസലിയാർ, താമസം: കരപ്പം ഹൗസ്, ചൊവ്വല്ലൂർ, കണ്ടാണശ്ശേരി, തൃശൂർ-680517. **ശ്രീ. സി.സി തമ്പി**, S/o ചാക്കൗട്ടി M/s ഗ്ലോബൽ നോളജ് ഫൗണ്ടേഷൻ-ന്റെ ട്രസ്റ്റി, വിലാസം: എ) 10/B ചോയ്സ് ഹൈറ്റ്സ്, കവടിയാർ പി.ഒ., തിരുവനന്തപുരം-695003,ബി) താമസം: ചെറുവത്തൂർ വീട്, കോട്ടോൾ,പഴഞ്ഞി പി.ഒ, പഴഞ്ഞി വില്ലേജ്, തൃശൂർ-690542. **ജി. ഹരികുമാർ**, പരേതനായ സൂര്യദത്ത്-ന്റെ നിയപരമായുള്ള അവകാശി, ടിസി 9/2037 (15), എ ലൈൻ, ഇടപ്പഴഞ്ഞി, ശാസ്തമംഗലം പി.ഒ, പിൻ 695010, തിരുവനന്തപുരം, **ശ്രീമതി. വിശ്വേശരി**, W/o ജി ഹരികുമാർ, പരേതനായ സൂര്യദത്ത്-ന്റെ നിയപരമായുള്ള അവകാശി, ടിസി 9/2037, തമ്പുരാൻ നഗർ, എ ലൈൻ, ഇടപ്പഴഞ്ഞി, ശാസ്തമംഗലം പി.ഒ, പിൻ 695010, തിരുവനന്തപുരം | **(1)** തിരുവനന്തപുരം ജില്ലയിൽ, ശാസ്തമംഗലം വില്ലേജിൽ പരേതനായ സൂര്യദത്തിന്റെ പേരിലുള്ള സർവ്വേ നം. 444/1ൽ പ്പെട്ട 1.82 ആർസ് (4.5 സെന്റ്) & 1.82 ആർസ് (4.5 സെന്റ്) വസ്തുവും അതിലിരിപ്പ് കെട്ടിടവും മറ്റു സകലവിധ അവകാശങ്ങളും കൂടിയാകുന്നു. **അതിരുകൾ**: (**1.82 ആർസ്**): **വടക്ക്**: വിജയകുമാരൻ നായർ വക വസ്തു, **തെക്ക്**: കൃഷ്ണൻ നായർ വക വസ്തു, **കിഴക്ക്**: കൃഷ്ണൻ നായർ വക വസ്തു,**പടിഞ്ഞാറ്**: നടവഴി. (**1.82 ആർസ്**): **വടക്ക്**: പുരയിടം, **തെക്ക്**: രാജമ്മ അമ്മ വക വസ്തു, **കിഴക്ക്**: ഭാസ്കരൻപിള്ള വക വസ്തു,**പടിഞ്ഞാറ്**: നടവഴി.<br>**(2)** ആലപ്പുഴ ജില്ലയിൽ, കാർത്തികപ്പള്ളി താലൂക്കിൽ, കരുവാറ്റ വില്ലേജിൽ, പരേതനായ സൂര്യദത്തിന്റെ പേരിലുള്ള റീസർവ്വേ നം. 369/6 (സർവ്വേ നം.4385A, 4385B) റീസർവ്വേ ബ്ലോക്ക് നമ്പർ 3 ൽ പ്പെട്ട 54.710 സെന്റ് (22.15 ആർസ്)സ്ഥലവും മറ്റു സകലവിധ അവകാശങ്ങളും കൂടിയാകുന്നു. **അതിരുകൾ**: **വടക്ക്**: സ്പിൽവേ ചാനൽ; **തെക്ക്**: തൈവപ്പിൽ പുരയിടം; **കിഴക്ക്**: പഞ്ചായത്ത് മൺറോഡ്; **പടിഞ്ഞാറ്**: ചുറ്റുമതിൽ. | (എ). 13(2)-23.08.2024, 14.09.2024 ന് പത്രത്തിൽ പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്.<br>(ബി). 28.02.2026 ലെ രൂപ 8,59,83,998.69 (**എട്ട് കോടി അൻപത്തി ഒൻപത് ലക്ഷത്തി എൺപത്തി മൂവായിരത്തി തൊള്ളായിരത്തി തൊണ്ണൂറ്റിയെട്ട് രൂപ അറുപത്തി ഒൻപത് പൈസ**)യും പലിശയും മറ്റ് ചെലവുകളും<br>(സി). കൈവശമെടുത്ത തീയതി– വസ്തു നം.1ന് –22.11.2024 വസ്തു നം. 2ന് – 07.12.2024<br>(ഡി). പ്രതീകാത്മക കൈവശം | വസ്തു നം.1 :<br>(എ) രൂപ 1,59,00,000/-<br>(ബി) രൂപ 15,90,000/-<br>(സി) രൂപ 1,00,000/-<br>വസ്തു നം. 2 :<br>(എ) രൂപ 69,78,000/-<br>(ബി) രൂപ 6,97,800/-<br>(സി) രൂപ 1,00,000/- | അധികാരപ്പെട്ട ഉദ്യോഗസ്ഥന്റെ അറിവിൽ ബാധ്യതകളൊന്നുമില്ല. ലേലാർത്ഥികൾ ജാഗ്രത പാലിക്കാൻ അഭ്യർത്ഥിക്കുന്നു. |
| 9 | **PNB, ARMB, എറണാകുളം**<br>**ആൻസ് ഫാഷൻ & ഡിസൈൻ (ഇന്ത്യ) പ്രൈവറ്റ് ലിമിറ്റഡ്**, TC 25/2624(II), ആയുർവ്വേദ കോളേജിന് സമീപം, തിരുവനന്തപുരം-695001<br>**ശ്രീമതി. ജിഷ റാണി സദാശിവൻ** (മാനേജിംഗ് ഡയറക്ടർ), W/o നിജിൽ, TC 2/1683(1), KPGA ബിൽഡിംഗ്, GRA 589, ഗൗരീശപട്ടം, പട്ടംപാലസ്സ് പി.ഒ, തിരുവനന്തപുരം.<br>**ശ്രീ. ജയചന്ദ്രൻ ശ്രീധരൻ**, രവി വിലാസ്, കുമാരപുരം, മെഡിക്കൽ കോളേജ്, തിരുവനന്തപുരം.<br>**ബേബി സോജം**, വിൽപാക്കം, 7/5, നെടുംകട, കടക്കാവൂർ, തിരുവനന്തപുരം-695307 | തിരുവനന്തപുരം ജില്ലയിൽ ചിറയിൻകീഴ് താലൂക്കിൽ, വെട്ടൂർ വില്ലേജിൽ, റീ. സർവ്വേ നം.461/5 ൽ പ്പെട്ട പരതേനായ സദാശിവന്റെ പേരിലുള്ള 20.40 ആർ സ്ഥലവും സകലവിധ കുഴിക്കൂർ ചമയങ്ങളും. **അതിരുകൾ**: **വടക്ക്**: ശിവ പ്രസാദ് വക വസ്തു, **തെക്ക്**: സത്യശീലൻ വക വസ്തു; **കിഴക്ക്**: തുളസീധരൻ വക വസ്തു & നടവഴി; **പടിഞ്ഞാറ്**: ശിവ പ്രസാദ് വക വസ്തു. | (എ). 13(2)-09.01.2024<br>(ബി). 28.02.2026 ലെ രൂപ 81,95,193.29 (**എൺപത്തി ഒന്ന് ലക്ഷത്തി തൊണ്ണൂറ്റി അയ്യായിരത്തി ഒരുന്നൂറ്റി തൊണ്ണൂറ്റി മൂന്ന് രൂപ ഇരുപത്തി ഒൻപത് പൈസ**)യും പലിശയും മറ്റ് ചെലവുകളും<br>(സി). കൈവശമെടുത്ത തീയതി –20.03.2024<br>(ഡി). പ്രതീകാത്മക കൈവശം | (എ) രൂപ 19,04,000/-<br>(ബി) രൂപ 1,90,400/-<br>(സി) രൂപ 10,000/- | അധികാരപ്പെട്ട ഉദ്യോഗസ്ഥന്റെ അറിവിൽ ബാധ്യതകളൊന്നുമില്ല. ലേലാർത്ഥികൾ ജാഗ്രത പാലിക്കാൻ അഭ്യർത്ഥിക്കുന്നു. |
| 10 | **PNB, ARMB, എറണാകുളം**<br>**M/s ആദിൽ എന്റർപ്രൈസസ്**, പ്രൊപ്രൈറ്റർ: മുഹമ്മദ് റാഫി, VMC6/532, വിജയ ഡെന്റൽ ക്ലിനിക്കിന് സമീപം, മൈതാനം, വർക്കല-695141. പ്രൊപ്രൈറ്റർ: മുഹമ്മദ് റാഫി, VMC6/532, വിജയ ഡെന്റൽ ക്ലിനിക്കിന് സമീപം, മൈതാനം, വർക്കല-695141<br>**ശ്രീ. മുഹമ്മദ് റാഫി**, ചെറുകുന്നം, വർക്കല-695141<br>**ശ്രീ. രാജഗോപാൽ കെ** (ജാമ്യക്കാരൻ), S/o കുട്ടൻ പിള്ള, 22/79, പാണ്ഡവപ്പുറത്ത് വിളയിൽ വീട്, GLPGS ചിലക്കൂർ, വർക്കല-695141.<br>**ശ്രീ. സബീൻ** (ജാമ്യക്കാരൻ), S/o കെ.സുഗുണൻ, സുമംഗലം, കാപ്പിൽ, ഇടവ, വർക്കല-695311. | (1) തിരുവനന്തപുരം ജില്ലയിൽ വർക്കല താലൂക്കിൽ, വർക്കല വില്ലേജിൽ, റീ. സർവ്വേ നം.27/1, ബ്ലോക്ക് നം.209 ൽ പ്പെട്ട ശ്രീ.മുഹമ്മദ് റാഫിയുടെ പേരിലുള്ള 1.62 ആർ (4.00 സെന്റ്) സ്ഥലവും താമസയോഗ്യമായ കെട്ടിടവും സകലവിധ കുഴിക്കൂർ ചമയങ്ങളും. **അതിരുകൾ**: **വടക്ക്**: അൻസാർ വക വസ്തു & നടവഴി, **തെക്ക്**: ഷീജ വക വസ്തു, **കിഴക്ക്**: ലൈല ബീഗം വക വസ്തു; **പടിഞ്ഞാറ്**: ഷീജ (മുൻപ് ജുബൈറിയ) വക വസ്തു.<br>(2) തിരുവനന്തപുരം ജില്ലയിൽ വർക്കല താലൂക്കിൽ, വർക്കല വില്ലേജിൽ, റീ. സർവ്വേ നം.27, ബ്ലോക്ക് നം.209 ൽ പ്പെട്ട ശ്രീ.മുഹമ്മദ് റാഫിയുടെ പേരിലുള്ള 2.60 ആർ (6.42 സെന്റ്) സ്ഥലവും സകലവിധ കുഴിക്കൂർ ചമയങ്ങളും. **അതിരുകൾ**: **വടക്ക്**: സുശീലൻ വക വസ്തു, **തെക്ക്**: മുഹമ്മദ് റാഫി വക വസ്തു, **കിഴക്ക്**: മുഹമ്മദ് ഹനീഫ വക വസ്തുക്കൾ; **പടിഞ്ഞാറ്**: ഷീജ വക വസ്തു. | (എ). 13(2)-22.08.2023<br>(ബി). 28.02.2026 ലെ രൂപ 92,19,321.03 (**തൊണ്ണൂറ്റി രണ്ട് ലക്ഷത്തി പത്തൊൻപതിനായിരത്തി മുന്നൂറ്റി ഇരുപത്തി ഒന്ന് രൂപ മൂന്ന് പൈസ**)യും പലിശയും മറ്റ് ചെലവുകളും<br>(സി). കൈവശമെടുത്ത തീയതി –19.12.2023<br>(ഡി). പ്രതീകാത്മക കൈവശം | (എ) വസ്തു നം.1 : രൂപ 13,84,000/-<br>വസ്തു നം. 2 : രൂപ 5,77,000/-<br>(ബി) വസ്തു നം.1 : രൂപ 1,38,400/-<br>വസ്തു നം. 2 : രൂപ 57,700/-<br>സ്തു നം.1 & 2:<br>സി) രൂപ 10,000/- | അധികാരപ്പെട്ട ഉദ്യോഗസ്ഥന്റെ അറിവിൽ ബാധ്യതകളൊന്നുമില്ല. ലേലാർത്ഥികൾ ജാഗ്രത പാലിക്കാൻ അഭ്യർത്ഥിക്കുന്നു. |

**വ്യവസ്ഥകളും നിബന്ധനകളും: (1).** വിൽപ്പന, 2002 ലെ സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾസിൽ പ്രതിപാദിക്കപ്പെട്ട നിബന്ധനകൾക്കും താഴെപ്പറയുന്ന വ്യവസ്ഥകൾക്കും വിധേയമായിരിക്കും. **(2).** വസ്തുക്കൾ "**എവിടെയാണോ**" "**എങ്ങിനെയാണോ**" "**ഏതൊക്കെയാണോ**" എന്ന അടിസ്ഥാനത്തിൽ ആയിരിക്കും വിൽപ്പന. **(3).** അധികാരപ്പെട്ട ഉദ്യോഗസ്ഥന്റെ അറിവിൽപ്പെട്ടിടത്തോളം പട്ടികയിൽ പറഞ്ഞിട്ടുള്ള ഈട് വസ്തുക്കളുടെ പൂർണ്ണവിവരം നൽകിയിട്ടുള്ളതാണ്. എന്നാൽ വസ്തുവിലുള്ള പിശക്, തെറ്റായ പ്രസ്ഥാവന അല്ലെങ്കിൽ ഒഴിവാക്കൽ വല്ലതും ഉണ്ടെങ്കിൽ അധികാരപ്പെട്ട ഉദ്യോഗസ്ഥന് ഉത്തരവാദിത്വം ഉണ്ടായിരിക്കുന്നതല്ല. **(4).** അധികാരപ്പെട്ട ഉദ്യോഗസ്ഥന് സ്വീകരിക്കാൻ പറ്റാത്ത ബിഡ്ഡുകൾ സ്വീകരിക്കുവാനോ നിരസിക്കുവാനോ അധികാരമുണ്ടായിരിക്കുന്നതാണ്. ലേലം നീട്ടി വെയ്ക്കുന്നതിനോ /റദ്ദു ചെയ്യുന്നതിനോ /മാറ്റി വെയ്ക്കുന്നതിനോ വിൽപ്പനയുടെ വ്യവസ്ഥകളിലും നിബന്ധനകളിലും മാറ്റം വരുത്തുന്നതിനും മുൻകൂട്ടിയുള്ള അറിയിപ്പോ കാരണമോ ഒന്നും കൂടാതെ തന്നെ എപ്പോൾ വേണമെങ്കിലും അധികാരപ്പെട്ട ഉദ്യോഗസ്ഥന് അധികാരമുണ്ട്. അധികാരപ്പെട്ട ഉദ്യോഗസ്ഥന്റെ തീരുമാനം അന്തിമമായിരിക്കും. **(5).** കരുതൽ വിലയേക്കാൾ കുറഞ്ഞ വിലയ്ക്ക് വസ്തു വിൽക്കുന്നതല്ല. **(6).** ലേല വിൽപ്പന **https://Baanknet.com** എന്ന ഇ-ലേല പ്ലാറ്റ്ഫോം മുഖാന്തിരം **27-03-2026 ന് രാവിലെ 11.00 മണി മുതൽ വൈകിട്ട് 05.00 മണിവരെയായിരിക്കും. (7).** ലേല വിൽപ്പനയുടെ വ്യവസ്ഥകളും നിബന്ധകളും കൂടുതൽ അറിയുന്നതിനായി **https://Baanknet.com & www.pnb.bank.in** എന്നീ വെബ് സൈറ്റുകൾ സന്ദർശിക്കുക.

**തീയതി: 10-03-2026, സ്ഥലം: എറണാകുളം.** **(ഒപ്പ്) അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ, പഞ്ചാബ് നാഷണൽ ബാങ്ക്, എ.ആർ.എം.ബി., എറണാകുളം**